**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 443** **23-02-2022 - ൽ മറുപടിയ്ക്ക്**

**കേന്ദ്ര പദ്ധതികളുടെ വിഹിതം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ടി. പി .രാമകൃഷ്ണൻ** | | **Shri K N Balagopal**<br>**(ധനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് നടപ്പിലാക്കി വരുന്ന കേന്ദ്ര പദ്ധതികളുടെ വിഹിതം യഥാസമയം കേന്ദ്ര സർക്കാരിൽ നിന്നും ലഭിക്കുന്നുണ്ടോ; | (എ) | കേന്ദ്രാവിഷ്കൃത/ കേന്ദ്ര പദ്ധതികളുടെ കേന്ദ്ര വിഹിതം സംസ്ഥാനത്തിന് ലഭിക്കുന്നത് റീ-ഇംബേഴ്സ്മെന്റ് ആയോ അഡ്വാൻസ് ആയോ ആണ്. റീ-ഇംബേഴ്സ്മെന്റ് ആയി ഫണ്ട് ലഭിക്കുന്ന പദ്ധതികളിൽ സംസ്ഥാനം പദ്ധതികൾ നടപ്പിലാക്കിയതിനു ശേഷം വിനിയോഗ സർട്ടിഫിക്കറ്റ് കേന്ദ്രസർക്കാരിൽ ഹാജരാക്കുന്ന മുറയ്ക്കാണ് കേന്ദ്ര സർക്കാരിൽ നിന്ന് ഫണ്ട് ലഭ്യമാകുന്നത്. ഇക്കാരണത്താൽ ബാക്കിയുള്ള ഫണ്ട് റിലീസുകൾ തുടർന്നുള്ള സാമ്പത്തിക വർഷങ്ങളിലും നൽകാറുണ്ട്. കേന്ദ്ര ഫണ്ട് അഡ്വാൻസായി ലഭിക്കുന്ന പദ്ധതികളിൽ ടി തുക പൂർണ്ണമായും വിനിയോഗിച്ചതിനു ശേഷം വിനിയോഗ സർട്ടിഫിക്കറ്റ് നൽകുന്ന മുറയ്ക്കേ അടുത്ത റിലീസ് ലഭിക്കുകയുള്ളൂ. ഈ ഇനത്തിലും ഫണ്ട് റിലീസ് തുടർന്നുള്ള സാമ്പത്തിക വർഷങ്ങളിലാകാൻ സാധ്യത കൂടുതലാണ്. വിവിധ കാരണങ്ങളാൽ വിനിയോഗ സർട്ടിഫിക്കറ്റ് ഹാജരാക്കുന്നതിൽ കാലതാമസം നേരിടുന്ന പദ്ധതികളിൽ ആയത് അയച്ചു കൊടുക്കുന്ന മുറയ്ക്ക് ഫണ്ട് കേന്ദ്രസർക്കാർ റിലീസ് ചെയ്ത് നൽകാറുണ്ട്. കേന്ദ്രാവിഷ്കൃത പദ്ധതികൾക്ക് ഏതെങ്കിലും ഒരു സാമ്പത്തിക വർഷം അനുവദിച്ച ഫണ്ട് പ്രസ്തുത സാമ്പത്തിക വർഷം അവസാനിക്കുമ്പോഴും പൂർണ്ണമായും ഉപയോഗിച്ചു തീരാത്ത സാഹചര്യം ഉണ്ടായാൽ, തുടർന്നുള്ള സാമ്പത്തിക വർഷങ്ങളിൽ പ്രസ്തുത ഫണ്ട് കേന്ദ്രസർക്കാരിന്റെ അനുമതിയോടു കൂടി റീവാലിഡേറ്റ് ചെയ്ത് ഉപയോഗിക്കാൻ സാധിക്കുന്നതാണ്. പദ്ധതികളുടെ മാർഗ്ഗ നിർദ്ദേശങ്ങൾക്കെതിരായി ചെലവഴിച്ചാൽ മാത്രമേ തുക നഷ്ടപ്പെടുന്ന സാഹചര്യം ഉണ്ടാകുകയുള്ളൂ. കേന്ദ്ര സർക്കാർ കേന്ദ്രാവിഷ്കൃത/കേന്ദ്ര പദ്ധതികൾക്കായി സംസ്ഥാനങ്ങൾക്ക് നൽകുന്ന ഫണ്ടും അവയുടെ വിനിയോഗവും നിരീക്ഷിക്കുന്നതിനായി ഒരു |

ഓൺലൈൻ സംവിധാനം (പി.എഫ്.എം.എസ്) സംസ്ഥാനങ്ങളിൽ നടപ്പിലാക്കി വരികയാണ്. ധനകാര്യ വകുപ്പിന്റെ മേൽനോട്ടത്തിൽ സംസ്ഥാനത്തും കേന്ദ്രസർക്കാരിന്റെ ഈ സംവിധാനം ട്രഷറിയുമായി സംയോജിപ്പിച്ച് നടപ്പിലാക്കി വരികയാണ്. ഈ സംവിധാനത്തിലൂടെ കേന്ദ്രാവിഷ്കൃത/കേന്ദ്ര പദ്ധതികൾ പ്രകാരം ലഭിക്കുന്ന ഫണ്ടും അവയുടെ വിനിയോഗവും നിരീക്ഷിക്കുവാൻ കഴിയുന്നതാണ്. കേന്ദ്രാവിഷ്കൃത പദ്ധതികൾക്ക് ഫണ്ട് റിലീസ് ചെയ്ത് നൽകുന്നതിൽ ഉണ്ടാകുന്ന കാലതാമസം ഒഴിവാക്കുന്നതിനും കേന്ദ്രവിഹിതത്തിന് ആനുപാതികമായി സംസ്ഥാനവിഹിതം നൽകുന്നതിലുള്ള ബുദ്ധിമുട്ടുകൾ ഒഴിവാക്കുന്നതിനുമായി 21/02/2017-ൽ സ.ഉ(പി) നം.24/2017/ധന. ഉത്തരവുപ്രകാരം മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഇത് പ്രകാരം കേന്ദ്രസർക്കാരിൽ നിന്ന് ഫണ്ട് ലഭിച്ചിട്ടുള്ളതും സംസ്ഥാന ബജറ്റിൽ ആവശ്യമായ തുക വകയിരുത്തിയിട്ടുള്ളതുമായ കേന്ദ്രാവിഷ്കൃത പദ്ധതികളുടെ ഫണ്ട് ഭരണവകുപ്പിനു തന്നെ നേരിട്ട് നിർവ്വഹണ ഏജൻസികൾക്ക് റിലീസ് ചെയ്ത് നൽകാവുന്നതാണ്. കൂടാതെ, കേന്ദ്രാവിഷ്കൃത പദ്ധതികളുമായി ബന്ധപ്പെട്ട ഫണ്ടുകളുടെ റിലീസ്, വിനിയോഗം എന്നിവ പൂർണ്ണമായും Single Nodal Account സംവിധാനത്തിലൂടെ പി.എഫ്.എം.എസ് പോർട്ടൽ മുഖേന നടപ്പിലാക്കണമെന്ന് 2021 മാർച്ചിൽ കേന്ദ്ര സർക്കാർ അറിയിച്ചിരുന്നു. ഇതിൻപ്രകാരം നടപടികൾ സ്വീകരിക്കുവാൻ 24/05/2021 ലെ സർക്കുലർ നം.44/2021/ധന. പ്രകാരം വകുപ്പുകൾക്ക് നിർദ്ദേശം നൽകുകയും പുരോഗതി വിലയിരുത്തി വരികയും ചെയ്യുന്നു. കൂടാതെ, കേന്ദ്രാവിഷ്കൃത പദ്ധതികളുടെ നടത്തിപ്പ് നിരീക്ഷിക്കുന്നതിനും കേന്ദ്രസർക്കാരിൽ നിന്നും ഫണ്ട് യഥാസമയം നേടിയെടുക്കുന്നതിനുമായി പ്രോഗ്രാം ഇമ്പ്ളിമെന്റേഷൻ ഇവാല്യൂയേഷൻ & മോണിറ്ററിംഗ് വകുപ്പ് രൂപീകരിച്ചിട്ടുണ്ട്. ഈ വകുപ്പ് വിവിധ വകുപ്പുകളുടെ യോഗങ്ങൾ വിളിച്ചു കൂട്ടുകയും കേന്ദ്രസർക്കാരിൽ നിന്നും ലഭിക്കേണ്ട ഫണ്ടുകളെക്കുറിച്ചുള്ള അവലോകനം നടത്തി വരികയും ചെയ്യുന്നു. ഇതോടൊപ്പം കേന്ദ്രാവിഷ്കൃത പദ്ധതികൾ ഉൾപ്പെടെയുള്ള പദ്ധതികളുടെ നിർവ്വഹണം കാര്യക്ഷമമാക്കുന്നതിന് ബഹു. മുഖ്യമന്ത്രി തലത്തിലും ചീഫ് സെക്രട്ടറി തലത്തിലും അവലോകന യോഗങ്ങൾ നടത്തി വരുന്നുണ്ട്. പ്രസ്തുത യോഗങ്ങളിൽ പദ്ധതി പ്രവർത്തനങ്ങൾ

| | | | |
|---|---|---|---|
| | | | സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് വകുപ്പുകൾക്ക് പ്രത്യേക നിർദ്ദേശം നൽകാറുണ്ട്. |
| (ബി) | പ്രസ്തുത കേന്ദ്ര വിഹിതം മുൻകാലങ്ങളിലെപ്പോലെ കൃത്യമായി ലഭിക്കാത്തതുമൂലം കേന്ദ്ര പദ്ധതികളുടെ സമയബന്ധിതമായ നടത്തിപ്പിന് തടസ്സം നേരിടുന്നുണ്ടോ; വിശദമാക്കുമോ? | (ബി) | കേന്ദ്രാവിഷ്കൃത/ കേന്ദ്ര പദ്ധതികളുടെ കേന്ദ്ര വിഹിതം സംസ്ഥാനത്തിന് ലഭിക്കുന്നത് റീ-ഇംബേഴ്സ്മെന്റ് ആയോ അഡ്വാൻസ് ആയോ ആണ്. റീ-ഇംബേഴ്സ്മെന്റ് ആയി ഫണ്ട് ലഭിക്കുന്ന പദ്ധതികളിൽ സംസ്ഥാനം പദ്ധതികൾ നടപ്പിലാക്കിയതിനു ശേഷം വിനിയോഗ സർട്ടിഫിക്കറ്റ് കേന്ദ്രസർക്കാരിൽ ഹാജരാക്കുന്ന മുറയ്ക്കാണ് കേന്ദ്ര സർക്കാരിൽ നിന്ന് ഫണ്ട് ലഭ്യമാകുന്നത്. ഇക്കാരണത്താൽ ബാക്കിയുള്ള ഫണ്ട് റിലീസുകൾ തുടർന്നുള്ള സാമ്പത്തിക വർഷങ്ങളിലും നൽകാറുണ്ട്. കേന്ദ്ര ഫണ്ട് അഡ്വാൻസായി ലഭിക്കുന്ന പദ്ധതികളിൽ ടി തുക പൂർണ്ണമായും വിനിയോഗിച്ചതിനു ശേഷം വിനിയോഗ സർട്ടിഫിക്കറ്റ് നൽകുന്ന മുറയ്ക്കേ അടുത്ത റിലീസ് ലഭിക്കുകയുള്ളൂ. ഈ ഇനത്തിലും ഫണ്ട് റിലീസ് തുടർന്നുള്ള സാമ്പത്തിക വർഷങ്ങളിലാകാൻ സാധ്യത കൂടുതലാണ്. വിവിധ കാരണങ്ങളാൽ വിനിയോഗ സർട്ടിഫിക്കറ്റ് ഹാജരാക്കുന്നതിൽ കാലതാമസം നേരിടുന്ന പദ്ധതികളിൽ ആയത് അയച്ചു കൊടുക്കുന്ന മുറയ്ക്ക് ഫണ്ട് കേന്ദ്രസർക്കാർ റിലീസ് ചെയ്ത് നൽകാറുണ്ട്. കേന്ദ്രാവിഷ്കൃത പദ്ധതികൾക്ക് ഏതെങ്കിലും ഒരു സാമ്പത്തിക വർഷം അനുവദിച്ച ഫണ്ട് പ്രസ്തുത സാമ്പത്തിക വർഷം അവസാനിക്കുമ്പോഴും പൂർണ്ണമായും ഉപയോഗിച്ചു തീരാത്ത സാഹചര്യം ഉണ്ടായാൽ, തുടർന്നുള്ള സാമ്പത്തിക വർഷങ്ങളിൽ പ്രസ്തുത ഫണ്ട് കേന്ദ്രസർക്കാരിന്റെ അനുമതിയോടു കൂടി റീവാലിഡേറ്റ് ചെയ്ത് ഉപയോഗിക്കാൻ സാധിക്കുന്നതാണ്. പദ്ധതികളുടെ മാർഗ്ഗ നിർദ്ദേശങ്ങൾക്കെതിരായി ചെലവഴിച്ചാൽ മാത്രമേ തുക നഷ്ടപ്പെടുന്ന സാഹചര്യം ഉണ്ടാകുകയുള്ളൂ. കേന്ദ്ര സർക്കാർ കേന്ദ്രാവിഷ്കൃത/കേന്ദ്ര പദ്ധതികൾക്കായി സംസ്ഥാനങ്ങൾക്ക് നൽകുന്ന ഫണ്ടും അവയുടെ വിനിയോഗവും നിരീക്ഷിക്കുന്നതിനായി ഒരു ഓൺലൈൻ സംവിധാനം (പി.എഫ്.എം.എസ്) സംസ്ഥാനങ്ങളിൽ നടപ്പിലാക്കി വരികയാണ്. ധനകാര്യ വകുപ്പിന്റെ മേൽനോട്ടത്തിൽ സംസ്ഥാനത്തും കേന്ദ്രസർക്കാരിന്റെ ഈ സംവിധാനം ട്രഷറിയുമായി സംയോജിപ്പിച്ച് നടപ്പിലാക്കി വരികയാണ്. ഈ സംവിധാനത്തിലൂടെ കേന്ദ്രാവിഷ്കൃത/കേന്ദ്ര പദ്ധതികൾ പ്രകാരം ലഭിക്കുന്ന ഫണ്ടും അവയുടെ വിനിയോഗവും നിരീക്ഷിക്കുവാൻ കഴിയുന്നതാണ്. കേന്ദ്രാവിഷ്കൃത പദ്ധതികൾക്ക് ഫണ്ട് റിലീസ് ചെയ്ത് നൽകുന്നതിൽ ഉണ്ടാകുന്ന കാലതാമസം ഒഴിവാക്കുന്നതിനും |

| | | | | |
|---|---|---|---|---|
| | | | | കേന്ദ്രവിഹിതത്തിന് ആനുപാതികമായി സംസ്ഥാനവിഹിതം നൽകുന്നതിലുള്ള ബുദ്ധിമുട്ടുകൾ ഒഴിവാക്കുന്നതിനുമായി 21/02/2017-ൽ സ.ഉ(പി) നം.24/2017/ധന. ഉത്തരവുപ്രകാരം മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഇത് പ്രകാരം കേന്ദ്രസർക്കാരിൽ നിന്ന് ഫണ്ട് ലഭിച്ചിട്ടുള്ളതും സംസ്ഥാന ബജറ്റിൽ ആവശ്യമായ തുക വകയിരുത്തിയിട്ടുള്ളതുമായ കേന്ദ്രാവിഷ്കൃത പദ്ധതികളുടെ ഫണ്ട് ഭരണവകുപ്പിനു തന്നെ നേരിട്ട് നിർവ്വഹണ ഏജൻസികൾക്ക് റിലീസ് ചെയ്ത് നൽകാവുന്നതാണ്. കൂടാതെ, കേന്ദ്രാവിഷ്കൃത പദ്ധതികളുമായി ബന്ധപ്പെട്ട ഫണ്ടുകളുടെ റിലീസ്, വിനിയോഗം എന്നിവ പൂർണ്ണമായും Single Nodal Account സംവിധാനത്തിലൂടെ പി.എഫ്.എം.എസ് പോർട്ടൽ മുഖേന നടപ്പിലാക്കണമെന്ന് 2021 മാർച്ചിൽ കേന്ദ്ര സർക്കാർ അറിയിച്ചിരുന്നു. ഇതിൻപ്രകാരം നടപടികൾ സ്വീകരിക്കുവാൻ 24/05/2021 ലെ സർക്കുലർ നം.44/2021/ധന. പ്രകാരം വകുപ്പുകൾക്ക് നിർദ്ദേശം നൽകുകയും പുരോഗതി വിലയിരുത്തി വരികയും ചെയ്യുന്നു. കൂടാതെ, കേന്ദ്രാവിഷ്കൃത പദ്ധതികളുടെ നടത്തിപ്പ് നിരീക്ഷിക്കുന്നതിനും കേന്ദ്രസർക്കാരിൽ നിന്നും ഫണ്ട് യഥാസമയം നേടിയെടുക്കുന്നതിനുമായി പ്രോഗ്രാം ഇമ്പ്ളിമെന്റെഷൻ ഇവാല്യൂയേഷൻ & മോണിറ്ററിംഗ് വകുപ്പ് രൂപീകരിച്ചിട്ടുണ്ട്. ഈ വകുപ്പ് വിവിധ വകുപ്പുകളുടെ യോഗങ്ങൾ വിളിച്ചു കൂട്ടുകയും കേന്ദ്രസർക്കാരിൽ നിന്നും ലഭിക്കേണ്ട ഫണ്ടുകളെക്കുറിച്ചുള്ള അവലോകനം നടത്തി വരികയും ചെയ്യുന്നു. ഇതോടൊപ്പം കേന്ദ്രാവിഷ്കൃത പദ്ധതികൾ ഉൾപ്പെടെയുള്ള പദ്ധതികളുടെ നിർവ്വഹണം കാര്യക്ഷമമാക്കുന്നതിന് ബഹു. മുഖ്യമന്ത്രി തലത്തിലും ചീഫ് സെക്രട്ടറി തലത്തിലും അവലോകന യോഗങ്ങൾ നടത്തി വരുന്നുണ്ട്. പ്രസ്തുത യോഗങ്ങളിൽ പദ്ധതി പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് വകുപ്പുകൾക്ക് പ്രത്യേക നിർദ്ദേശം നൽകാറുണ്ട്. |

സെക്ഷൻ ഓഫീസർ